**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5424** **03-11-2021 - ൽ മറുപടിയ്ക്ക്**

**പോലീസിന്റെ പരിശീലന പരിപാടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാന പോലീസിന്റെ പരിശീലന പരിപാടിയുടെ ഭാഗമായി ഡിസാസ്റ്റർ മാനേജ്മെന്റ് മൊഡ്യൂൾ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (എ) | സംസ്ഥാന പോലീസിന്റെ പരിശീലന പരിപാടിയുടെ ഭാഗമായി 5 ദിവസത്തെ ഡിസാസ്റ്റർ മാനേജ്മെന്റ് മൊഡ്യൂൾ സബ് ഇൻസ്പെക്ടർമാരുടെയും, റിക്രൂട്ട് പോലീസ് കോൺസ്റ്റബിൾമാരുടെയും പരിശീലന പരിപാടിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. മൊഡ്യൂളിൽ Introduction, Warning Systems and SOPs, Classification, Preparedness and response, Case Studies, First Aid, Refugee Camps, Fire Fighting and Rescue Operations, Handling emergencies involving hazardous goods etc. തുടങ്ങിയ വിഷയങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. |
| (ബി) | നിലവിൽ പോലീസ് സേനയുടെ ഭാഗമായിരിക്കുന്നവർക്കും ഡിസാസ്റ്റർ മാനേജ്മെന്റിൽ പ്രത്യേക പരിശീലനം നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ബി) | ദുരന്ത സാധ്യതയുള്ള മേഖലകളിൽ ജോലി ചെയ്തു വരുന്ന പോലീസ് ഉദ്യോഗസ്ഥർക്ക് Disaster Management-ൽ പരിശീലനം ലഭിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരുടെയും ഫയർ ആന്റ് റെസ്ക്യൂ വിഭാഗത്തിലെ ഉദ്യോഗസ്ഥരുടെയും സേവനം ഉപയോഗിച്ച് പ്രകൃതി ദുരന്തം ഉണ്ടായാൽ നടത്തേണ്ട അടിയന്തര രക്ഷാപ്രവർത്തനത്തിനും മറ്റുമുള്ള പരിശീലനം നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ